(ബി) നബാർഡ് ധനസഹായത്തോടെയുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള വിവരം അറിയുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നബാർഡ് ധനസഹായത്തോടെ പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നബാർഡ് ധനസഹായത്തോടെ നടപ്പു സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 28-2-2011-ലെ സ.ഉ.(സാധാ) നമ്പർ 372/2011/പൊ.മ.വ. ഉത്തരവ് പ്രകാരം അപ്രോച്ച് റോഡിനും സ്ഥലം ഏറ്റെടുക്കുന്നതിനുമായി 500 ലക്ഷം രൂപയുടെ ഭരണാനുമതിയും 7-7-2011-ലെ സ.ഉ.(സാധാ) നമ്പർ 900/2011/ പൊ.മ.വ. പ്രകാരം 747 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി-ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

കുട്ടംവാതുക്കൽ കടവ് പാലം

313(3200) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ തൽസ്ഥിതി വിശദമാക്കാമോ?

ഉത്തരം

കുട്ടംവാതുക്കൽ കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആർ.ഐ.ഡി.എഫ്.- 20-ലുൾപ്പെടുത്തിയ പദ്ധതികൾ

314(3201) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്.- 20 ലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് ; പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly